# മേരിഗിരി എച്ച് എസ് എസ്
## തേർത്തല്ലി

### സ്കൂൾ മാഗസിൻ

# ചെരാത്



ഒരു ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരണം

# എഡിറ്റോറിയൽ





മേരി ഗിരി ഹൈസ്കൂൾ 2023-2024 വർഷത്തെ ലിറ്റിൽ കൈറ്റ് യൂണിറ്റിൻ്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ വൈവിധ്യം കൊണ്ടും വർണ്ണാചാരുത കൊണ്ടും അതിമനോഹരമായി അണിയിച്ചൊരുക്കിയിരിക്കുന്നു. കുട്ടികളുടെ തൂലികയിൽ വിരിഞ്ഞ ഈ ഡിജിറ്റൽ വിസ്മയം നിർമ്മിതബുദ്ധിയുടെ കാല്പനികതകളിൽ ഒരു 'ചെരാത് ' ആയി വിളങ്ങട്ടെ.



# എഡിറ്റോറിയൽ ബോർഡ്

## ചീഫ് എഡിറ്റർ

**സജി ജെയിംസ്**

ഹെഡ്മാസ്റ്റർ, മേരിഗിരി എച്ച് എസ് തേർത്തല്ലി

## സബ് എഡിറ്റേഴ്സ്

**രാധാകൃഷ്ണൻ**

എച്ച് എസ് ടി സംസ്കൃതം

**ജോമി ജോർജ്**

എച്ച് എസ് ടി മാത്തമാറ്റിക്സ്

## സ്റ്റുഡൻറ് എഡിറ്റേഴ്സ്

ജോയൽ ജോസഫ്

മാസ്റ്റർ അലൻ

കുമാരി ആര്യ സി അലക്സാണ്ടർ

കുമാരി അമല ജെയിംസ്

മാസ്റ്റർ അശ്വിൻ



# ഓർമകളുടെ താരാട്ട്

'ചിന്നൂ.. എഴുന്നേൽക്ക്, സ്കൂൾബസ് വരാൻ സമയമായി.' ഇനി എഴുന്നേറ്റില്ലെങ്കിൽ ശരിയാവില്ല, എന്നു തോന്നിയതുകൊണ്ട്മാത്രമാണ് അവൾ കട്ടിലിൽ നിന്നും കണ്ണും തിരുമ്മി എഴുന്നേറ്റത്.എഴുന്നേറ്റപാടെ പുറത്ത് പെയ്തുകൊണ്ടിരുന്ന മഴയെയും വൃക്ഷങ്ങളെയും അവൾ നോക്കി."എല്ലാം നനഞ്ഞു,ഇനി ഞാനും നനയും." അവൾ മനസ്സിലോർത്തു.

"എടീ, നീ ഇന്നലെ പറഞ്ഞ കണക്ക് ഹോംവർക്ക് ചെയ്തോ?"."ഇല്ല. മരിയ നീയോ?" "ചെയ്തു, പക്ഷെ ഇന്ന് ടീച്ചർ വരുംന്ന് തോന്നുന്നില്ല." "അതെന്താ?" "ടീച്ചറുടെ മോന് പനിയാണെന്നാ കേട്ടത്." "ആരാ പറഞ്ഞത്?" 'ശിവാനി.' "മരിയേ എന്നാ നീ പേടിക്കണ്ട, ടീച്ചറ് തീർച്ചയായും വരും." "അതെന്താ നീ അങ്ങനെ പറഞ്ഞെ ശിവാനി നിന്നെ പറ്റിക്കാൻ പറഞ്ഞതാ. പണ്ട് അവള് എന്നെയും പറ്റിച്ചിട്ടുണ്ട്".

"കുട്ടികളെല്ലാവരും ആ ചില്ലൊക്കെ ഒന്ന് വലിച്ചിട്,ഇല്ലെങ്കിൽ എറിച്ചിലടിച്ച് പനി പിടിക്കും".വണ്ടിച്ചേട്ടൻ മീശ വിറപ്പിച്ചു കൊണ്ട് പറഞ്ഞു. തണുത്ത സുഖകരമായ കാറ്റ് നിലച്ചു.പരീക്ഷയ്ക്ക് വേണ്ടി പഠിക്കുന്ന ചിലരൊഴിച്ചാൽ വണ്ടി നിശബ്ദം.ആ ദിവസം ചിന്നുവിന് വലിയ ഉഷാറൊന്നും തോന്നിയില്ല.ചിന്നുവും മരിയയും സ്കൂളിൽ ചെന്നപ്പോൾ അധികമാരെയും കണ്ടില്ല.ഉച്ച കഴിഞ്ഞപ്പോൾ സ്കൂളും വിട്ടു.മഴ കാരണമാണ് സ്കൂൾ വിട്ടത് എന്ന് ചിലരൊക്കെ പറയുന്നുണ്ടായിരുന്നു.




അമ്മേ, ഞാനെത്തി. എന്ന് സന്തോഷത്തോടെ വിളിച്ചുകൊണ്ട് അവൾ വീട്ടിലെത്തി.എന്നാൽ അമ്മയെ കണ്ടില്ല.അച്ഛനും ബന്ധുക്കളും കരയുന്നതിനിടയിലും അവളുടെ കുഞ്ഞിക്കണ്ണുകൾ അവളുടെ അമ്മയ്ക്കായുള്ള തിരച്ചിൽ തുടർന്നു. തുറന്നിട്ട ജാലകത്തിലൂടെ തണുത്ത ഇളംകാറ്റ് വീശുന്നുണ്ടായിരുന്നു.ആ കാറ്റ് അവളുടെ ഓർമകളെ ഒന്നുകൂടി തട്ടിയുണർത്തി.തന്നെ അനാഥമാക്കി കടന്നുകളഞ്ഞ ആ ദിവസം, ഇരുപത് വർഷങ്ങൾക്കുശേഷം ഓർത്തെടുക്കാനുള്ള കാരണം എന്തായിരുന്നു. ഒരുപക്ഷെ ഈ മഴയായിരിക്കാം അവൾ അങ്ങനെ സമാധാനിച്ചു.അമ്മയെന്ന സ്നേഹസാഗരം മൺമറഞ്ഞു പോയത് ഇരുപത് വർഷങ്ങൾക്ക് മുൻപായിരുന്നു എന്ന് അവൾ ഓർത്തു.അമ്മേ.. അവൾ പതുക്കെ വിളിച്ചു.ആരോ ആ വിളി കേൾക്കുന്നതുപോലെ അവൾക്ക് തോന്നി.

ആര്യ സി അലക്സാണ്ടർ
8 A

## പ്രതീക്ഷകൾ മരിക്കുന്നില്ല

പ്രതീക്ഷകൾ മരിക്കുന്നില്ല ഒരിക്കലും-
വിജനമായ വഴികളിൽ പ്രതീക്ഷകൾ
പൂക്കുന്നു.മനുഷ്യർ തൻ നിറ
മനസ്സിൽ പ്രതീക്ഷകൾ തളിരിടുന്നു.
ഭാവന പൂക്കും കാലം മുതൽ
തന്നെ പ്രതീക്ഷകൾ
വരവാകുന്നു
ഉണ്ണിതൻ മനസ്സിലും
പ്രതീക്ഷയുടെ
പൂമണം നിറയുന്നു.
സ്നേഹത്തിൻ വാത്സല്യം
നിറയും നിറമനസ്സിൽ
പ്രതീക്ഷകൾ പൂക്കാലമാകുന്നു.
മാരിവില്ലായ് മാനത്ത് നിന്ന്
കണ്ണ് തുടിപ്പിക്കും സുഖ
പ്രതീക്ഷ, അതിലൂടെ ഉട-
നീളം നീന്തവേ,നേടാം

## ജീവിത സൌഭാഗ്യം

നന്മതൻ നിറ മനസ്സിൽ
പ്രതീക്ഷകൾ മരിക്കില്ല
ഒരിക്കലും.....
പ്രതീക്ഷകൾ ജീവിതത്തിലെ ഉടനീള
പങ്കാളിയായി കൊണ്ട് പോകാം....
മരിക്കില്ല മരിക്കില്ല ഒരിക്കലും....

ഏയ്ഞ്ചൽ
മരിയ സന്തോഷ്
X A






# സുബേദാർ മേജർ സഞ്ജയ് കുമാർ

## നാടിൻറെ ഹീറോ എൻ്റെയും

സുബേദാർ മേജർ സഞ്ജയ് കുമാർ , താങ്കൾ നടന്നു കയറിയ മലകളേക്കാൾ എത്രയോ ഉയരെയാണ് ഓരോ ഭാരതീയന്റെയും മനസ്സിൽ അങ്ങിപ്പോൾ ജീവിക്കുന്നത് ! ആകാശം മുട്ടുന്ന കാർഗിൽ മലനിരകളിൽ അങ്ങ് രചിച്ച വീരേതിഹാസം ഞങ്ങൾ കുട്ടികൾക്ക് ആവേശം മാത്രമല്ല, മാതൃരാജ്യത്തോട് കടമ ചെയ്യാനുള്ള പ്രചോദനം കൂടിയാണ്. അവസരത്തിനൊത്ത് അങ്ങുയർന്നപ്പോൾ വീണുടഞ്ഞത് ശത്രുവിന്റെ ബങ്കറുകൾ മാത്രമല്ല, ഞങ്ങളുടെ ഉള്ളിലെ ഭയം കൂടിയാണ്. അങ്ങ് കൊന്നു തള്ളിയത് ശത്രുവിനെ മാത്രമല്ല രാഷ്ട്രസേവനത്തിനുള്ള ഞങ്ങളുടെ മടിയെ കൂടിയാണ്. അങ്ങ് ഒരു ദിശാ നക്ഷത്രമാണ്...മാതൃരാജ്യത്തിന് വേണ്ടി പോരാടാനുള്ള ദിശാ സൂചിക.മുറിവേറ്റിട്ടും അങ്ങ് കാണിച്ച ശൗര്യം എനിക്ക് ഒരു പട്ടാളക്കാരനാകാനുള്ള ധൈര്യം തരുന്നു.എൻ സി സി യിൽ ചേരാൻ ഞാൻ തീരുമാനിച്ചത് അതുകൊണ്ടാണ്. വലിയ വലിയ ആളുകൾക്ക് മാത്രമല്ല, പട്ടാളത്തിലെ ഒരു ഹവിൽദാറിന് പോലും പരമ വീര ചക്രം നേടാം എന്ന് അങ്ങ് തെളിയിച്ചു...കാർഗിൽ വിജയത്തിലെ അങ്ങയുടെ പങ്ക് എന്നെ പ്രചോദിപ്പിക്കുന്നു...അങ്ങയുടെ ധീരോചിതമായ ഇടപെടൽ നമ്മുടെ നാടിന്റെ ഭൂമി തിരിച്ചുപിടിക്കാൻ സഹായിച്ചു.നമ്മുടെ നാടിന്റെ വിജയത്തിന് സഹായിച്ചു.ഒരുപക്ഷെ കുറേയാളുകളുടെ കൂടി ജീവൻ രക്ഷിക്കാൻ സഹായിച്ചു.കാലം അങ്ങേക്ക് നൽകിയ ഒരു ഭാഗ്യമാണ് ഇന്ത്യൻ ആർമിയുടെ ഭാഗമാകാൻ കഴിഞ്ഞത്. നാടിനു കടമ ചെയ്യാൻ അവസരം കിട്ടുന്നതിനേക്കാൾ എന്ത് ഭാഗ്യമാണ് ഒരു പൗരന് ഉണ്ടാവേണ്ടത്. അങ്ങ് ആ കടമ ഭംഗിയായി ചെയ്തു. നാടിന്റെ ആദരം ഏറ്റുവാങ്ങാൻ സാധിച്ചത് മറ്റൊരു ഭാഗ്യമല്ലേ. അങ്ങയുടെ മാതാപിതാക്കളും സഹോദരങ്ങളും നാട്ടുകാരും എന്തുമാത്രം സന്തോഷിച്ചിട്ടുണ്ടാകും !..എന്തുമാത്രം അഭിമാനിച്ചിട്ടുണ്ടാകും അങ്ങയെപ്പറ്റി! എനിക്കും അങ്ങയെപ്പോലെഒരു പട്ടാളക്കാരനാകണം.എന്റെ മാതാപിതാക്കളും സഹോദരിയും നാട്ടുകാരും എന്നെപ്പറ്റി അഭിമാനിക്കണം.പിന്നെ അന്ന് നിങ്ങൾ കയറിയ ആ കാർഗിൽ മലനിരകളിലൂടെ നടക്കണം എന്നത് എന്റെ വലിയ ഒരാഗ്രഹമാണ്.അതിന് ഞാൻ പട്ടാളക്കാരനാകണമല്ലോ..സുബേദാർ മേജർ സഞ്ജയ് കുമാർ, താങ്കൾ നടന്നു കയറിയ മലനിരകളിൽ ഒരിക്കൽ ഞാൻ കയറും... എന്നിട്ട് ഈ ലോകത്തോട് ഞാൻ വിളിച്ചു പറയും... സാരേ ജഹാംസേ അച്ഛാ , ഹമാരാഹിന്ദുസ്ഥാൻ.

കുമാരി അമല ജെയിംസ്


MARYGIRI H.S.S THERTHALLY


MARYGIRI H.S.S THERTHALLY

# മുട്ടയോ കോഴിയോ ആദ്യം ഉണ്ടായത്? ജീവൻ ഉണ്ടായതിന് ഉത്തരം: പുതിയ പഠനം

കോഴിയോ മുട്ടയോ ആദ്യമുണ്ടായത്. ഈ ചോദ്യത്തിന് ശാസ്ത്രം ഏകദേശ ഉത്തരങ്ങൾ കണ്ടെത്തിയിട്ടുണ്ട്. പക്ഷേ, അതിലുപരി ഈ ചോദ്യം ആവശ്യപ്പെടുന്ന ഉത്തരം ജീവൻ എങ്ങനെയാണ് ഭൂമിയിൽ രൂപപ്പെട്ടത് എന്നതാകാം. ഈ രഹസ്യത്തിലേക്ക് ഒരു ചുവടുവെക്കുന്ന ഒരു ഗവേഷണം പൂർത്തിയായെന്നാണ് കരുതപ്പെടുന്നത്.

ഒറിജിൻ ഓഫ് ലൈഫ്: വിച്ച് കേം ഫസ്റ്റ് (Origin of life: Which came first?) എന്ന പേരിൽ ജൂൺ 22 ന് ഇസ്രായേലിലെ വെയ്സ്മാൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് പ്രസിദ്ധപ്പെടുത്തിയ പഠനത്തിലാണ് ഇതേക്കുറിച്ച് വിവരങ്ങളുള്ളതെന്ന് ശാസ്ത്ര ജേണലിസ്റ്റായ എലിയോട്ട് ലീവി റഷ്യടുഡേയിൽ എഴുതിയ ലേഖനത്തിൽ നിരീക്ഷിക്കുന്നു.
മനുഷ്യപൂർവികരുടെതിന് സമാനമായ പ്രോട്ടീൻ ഘടകങ്ങൾ ഗവേഷകർ പുനർനിർമ്മിച്ചതായാണ് പഠനം അവകാശപ്പെടുന്നത്. കോശങ്ങളുടെ ജനിതക ഘടകത്തിലെ പ്രധാനപ്പെട്ട നിർമ്മാണ സാമിഗ്രിയാണ് പ്രോട്ടീൻ. കോശങ്ങളുടെ സ്വഭാവം നിർണയിക്കുന്നത് പ്രോട്ടീനുകളാണ്. അമിനോ ആസിഡുകൾ എന്ന് വിളിക്കുന്ന സൂക്ഷ്മമായ ഘടകങ്ങളാണ് പ്രോട്ടീനുകൾ നിർമ്മിക്കുന്നത്. ഇതേ അമിനോ ആസിഡുകൾ ആകത്തെ പ്രോട്ടീനുകൾ കൊണ്ടാണ് ഉണ്ടാക്കിയിട്ടുള്ളത്. ഈ പ്രോട്ടീനുകളെ എൻസൈം (enzyme) എന്നാണ് വിളിക്കുന്നത്. ഇതോടെ എൻസൈം പ്രോട്ടീനുകളാണോ അമിനോ ആസിഡുകളാണോ ആദ്യം ഉണ്ടായതെന്നാണ് ഗവേഷകരുടെ സംശയം. ഈ ചുരുളഴിക്കുന്നത് ജീവൻറെ ഉത്ഭവം എങ്ങനെയെന്ന് മനസിലാക്കാൻ സഹായിക്കുമെന്നാതായിരുന്നു പ്രതീക്ഷ.

ദേവിക കെ സ്

# ലോകം നേരിടുന്ന പ്രധാനപ്പെട്ട 5 പാരിസ്ഥിതിക പ്രശ്നങ്ങൾ ഇവയാണ്



ആഗോളതാപനം അടക്കം നിരവധി പ്രതിഭാസങ്ങൾ ലോകപരിസ്ഥിയുടെ മുകളിൽ വാളോങ്ങി നിൽക്കുകയാണ്. കൂട്ടായ പ്രവർത്തനത്തിലൂടെ മാത്രമേ ഇവയെ തരണം ചെയ്യാനാകൂ. ഈ പ്രാധാന്യം കണക്കിലെടുത്താണ് 'ഒരു ഭൂമി മാത്രം' എന്ന മുദ്രാവാക്യം ലോകപരിസ്ഥിതി ദിനാഘോഷം ഉയർത്തിപിടിക്കുന്നത്. ഭൂമിയെ കാർന്നുതിന്നുന്ന പ്രധാനപ്പെട്ട അഞ്ച് പാരിസ്ഥിത പ്രശ്നങ്ങളിവയാണ്.

## 1. മലിനീകരണം

മലിനീകരണത്തിന് ഏഴ് പ്രധാന തരങ്ങളുണ്ട്, വായു, വെള്ളം, മണ്ണ്, ശബ്ദം, റേഡിയോ ആക്ടീവ്, വെളിച്ചം, താപം എന്നിവയാണവ. ഇവ നമ്മുടെ പരിസ്ഥിതിയെ പല തരത്തിൽ ബാധിക്കുന്ന പ്രാഥമിക കാരണങ്ങളാണ്. ഈ തരത്തിലുള്ള മലിനീകരണങ്ങളെല്ലാം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നതും പരസ്പരം സ്വാധീനിക്കുന്നതുമാണ്. അതുകൊണ്ട് ഇവയ്ക്കെതിരെ നമ്മൾ ഒറ്റക്കെട്ടായി നേരിടണം.

വായു, ജലം, മണ്ണ് എന്നിവയുടെ മലിനീകരണം വീണ്ടെടുക്കാൻ ദശലക്ഷക്കണക്കിന് വർഷങ്ങൾ ആവശ്യമാണ്. വ്യവസായവും മോട്ടോർ വാഹന എക്സ്ഹോസ്റ്റുമാണ് മലിനീകരണത്തിൽ ഒന്നാമത്. ഘനലോഹങ്ങൾ, നൈട്രേറ്റുകൾ, പ്ലാസ്റ്റിക് എന്നിവ മലിനീകരണത്തിന് കാരണമാകുന്ന വിഷവസ്തുക്കളാണ്. എണ്ണ ചോർച്ച, ആസിഡ് മഴ, നഗരങ്ങളിലെ ഒഴുക്ക് എന്നിവ മൂലം ജലമലിനീകരണം ഉണ്ടാകുമ്പോൾ, വ്യവസായങ്ങളും ഫാക്ടറികളും പുറത്തുവിടുന്ന വിവിധ വാതകങ്ങളും വിഷവസ്തുക്കളും

ഫോസിൽ ഇന്ധനങ്ങളുടെ ജ്വലനവും വായു മലിനീകരണത്തിന് കാരണമാകുന്നു. മണ്ണ് മലിനീകരണം പ്രധാനമായും സംഭവിക്കുന്നത് വ്യാവസായിക മാലിന്യങ്ങൾ മൂലമാണ്, ഇത് മണ്ണിലെ പോഷകങ്ങളെ ഇല്ലാതാക്കുന്നു.

## 2. മണ്ണിന്റെ അപചയം

**മണ്ണ് നല്ല നിലയിലാണോ അല്ലയോ എന്ന ഘടകത്തെ ആശ്രയിച്ചാണ് ആഗോളതലത്തിൽ വിളകൾ ഉൽപ്പാദിപ്പിക്കുന്നത്്. യുഎൻ കണക്കുകൾ പ്രകാരം, ഒരു വർഷം ഏകദേശം 12 ദശലക്ഷം ഹെക്ടർ കൃഷിഭൂമി ഗുരുതരമായി നശിപ്പിക്കപ്പെടുന്നു. പല കാരണങ്ങളാൽ മണ്ണ് നശിക്കുന്നു. അത്തരം കാരണങ്ങളിൽ മണ്ണൊലിപ്പ്, കാലികളെ അമിതമായി മേയ്ക്കുന്നത്, മലിനീകരണം, ഏകവിള നടീൽ, മണ്ണ് ഞെരുക്കം, ഭൂവിനിയോഗ പരിവർത്തനം എന്നിവയും മറ്റും ഉൾപ്പെടുന്നു. ഇക്കാലത്ത്, മണ്ണ് സംരക്ഷിക്കുന്നതിനും പുനഃസ്ഥാപിക്കുന്നതിനുമുള്ള വിപുലമായ സാങ്കേതിക വിദ്യകൾ നിലവിലുണ്ട്.**

## 3. ആഗോളതാപനം

**ആഗോളതാപനം പോലുള്ള കാലാവസ്ഥാ വ്യതിയാനങ്ങൾ ഹരിതഗൃഹ വാതകങ്ങൾ പുറന്തള്ളുന്നത് പോലെയുള്ള മനുഷ്യന്റെ പ്രവർത്തനങ്ങളുടെ ഫലമാണ്. ആഗോളതാപനം സമുദ്രങ്ങളുടെയും ഭൂമിയുടെ ഉപരിതലത്തിന്റെയും താപനില ഉയരുന്നതിന് കാരണമാകുന്നു. വെള്ളപ്പൊക്കം, ധ്രുവപ്രദേശങ്ങളിലെ ഹിമപാളികൾ ഉരുകുന്നത്, സമുദ്രനിരപ്പിലെ വർ ദ്ധനവ്, വെള്ളപ്പൊക്കം, ചുഴലിക്കാറ്റുകൾ, കാട്ടുതീ, വരൾച്ച, അമിതമായ മഞ്ഞ് തുടങ്ങിയവയും കാലം തെറ്റിയുള്ള മഴയും പ്രകൃതി ദുരന്തങ്ങൾക്ക് കാരണമാകുന്നു. അല്ലെങ്കിൽ മരുഭൂവൽക്കരണം ഉണ്ടാകുന്നു.**

## 4. അമിത ജനസംഖ്യ

**ജലം, ഇന്ധനം, ഭക്ഷണം തുടങ്ങിയ വിഭവങ്ങളുടെ ദൗർലഭ്യം നേരിടുന്നതിനാൽ ഭൂമിയിലെ ജനസംഖ്യ താങ്ങാനാകാത്ത അവസ്ഥയിലായി. വികസിതവും വികസ്വരവുമായ രാജ്യങ്ങളിലെ ജനസംഖ്യാ വിസ്ഫോടനം ഇതിനെല്ലാം കാരണമാകുന്നു. രാസവളം, കീടനാശിനികൾ എന്നിവയുടെ ഉപയോഗത്തിലൂടെ ഭക്ഷണം ഉൽപ്പാദിപ്പിക്കുന്നതിനുള്ള തീവ്രമായ കൃഷി പരിസ്ഥിതിയെ നശിപ്പിക്കുന്നു. നിലവിലെ പാരിസ്ഥിതിക പ്രശ്നങ്ങളിൽ നിർണായകമായ ഒന്നാണ് ജനസംഖ്യാ വർധനവ്.**

## 5. പ്രകൃതിവിഭവ ശോഷണം

**പ്രകൃതിവിഭവങ്ങളുടെ ശോഷണമാണ് മറ്റൊരു നിർണായക പാരിസ്ഥിതിക പ്രശ്നം. നമ്മുടെ എല്ലാ ആവശ്യങ്ങളും നിറവേറ്റാൻ ഭൂമിയുടെ ഏകദേശം 1.5 ഭാഗം ഉപയോഗിക്കുന്നു. ഇൻഡ്യ, ചൈന തുടങ്ങിയ രാജ്യങ്ങളിലെ വൻ വ്യവസായവൽക്കരണം മൂലം ഭാവിയിൽ ഇത് ഇനിയും വർധിക്കും. പ്രകൃതിവിഭവങ്ങളുടെ വർദ്ധിച്ചുവരുന്ന ഉപയോഗം വ്യവസായവൽക്കരണം, ജനസംഖ്യാവർദ്ധന, വായു മലിനീകരണം തുടങ്ങിയ നിരവധി പാരിസ്ഥിതിക പ്രശ്നങ്ങളിലേക്ക് നയിക്കുന്നു.**

കാലക്രമേണ, പ്രകൃതി വിഭവങ്ങളുടെ ശോഷണം ഊർജ്ജ പ്രതിസന്ധിയിലേക്ക് നയിക്കും. പല പ്രകൃതി വിഭവങ്ങളിൽ നിന്നും പുറന്തള്ളുന്ന രാസവസ്തുക്കൾ കാലാവസ്ഥാ വ്യതിയാനത്തിന് കാരണമാകുന്നു. ഫോസിൽ ഇന്ധന ഉപഭോഗം ഹരിതഗൃഹ വാതകങ്ങളുടെ പുറംതള്ളലിന് കാരണമാകുന്നു, ഇത് ആഗോളതാപനത്തിനും കാലാവസ്ഥാ വ്യതിയാനത്തിനും പ്രാഥമികമായി ഉത്തരവാദിയാണ്.

*ആൻ മരിയ ബെന്നി*